# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 26 23.01.2018 ലെ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്കുള്ള ധനസഹായം

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | മിശ്രവിവാഹിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നല്കി വരുന്നത് ; | (എ) | പട്ടികജാതിക്കാരിൽ 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള മിശ്രവിവാഹിതരായ ദമ്പതികൾക്ക്, വിവാഹത്തെതുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി, വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നുവർഷത്തിനകം അപേക്ഷ നൽകുന്ന പക്ഷം 75,000/- (എഴുപത്തി അയ്യായിരം രൂപ) ഗ്രാന്റായി നൽകി വരുന്നു<br>മിശ്രവിവാഹം ചെയ്യുതുമൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000/- രൂപ ധസഹായം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചു നൽകി വരുന്നുണ്ട്. മിശ്രവിവാഹിതരാകുന്ന ദമ്പതികളുടെ മക്കൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട് കൂടാതെ മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ കുടുംബത്തിന് പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹതയുണ്ട്. |

| | | |
|---|---|---|
| ബി) | മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിന് ഈ സർക്കാർ എത്ര തുക ചെലവഴിച്ചു ; എത്ര അപേക്ഷകൾ ഈ ഇനത്തിൽ ഈ വർഷം ലഭിച്ചിട്ടുണ്ട് ; | പട്ടികജാതിയിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 11,14,10,000/- രൂപയും പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 20 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2384 അപേക്ഷകൾ ഈ വർഷം ലഭിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ഈ വർഷം എത്ര മിശ്രവിവാഹങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ? | സംസ്ഥാനത്ത് മിശ്ര വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി മാത്രം ബന്ധപ്പെട്ട് പ്രത്യേക രേഖകൾ സൂക്ഷിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**